# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സർഗ്ഗാത്മകതയുടെയും സംസ്കാരത്തിൻറെയും പ്രതീകമാണ് വേവ്സ് ഉച്ചകോടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that the Waves Summit is a symbol of creativity and culture.**

2. കേരളത്തിൻറെ അഭിമാന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നാടിന് സമർപ്പിക്കും. തിരുവനന്തപുരത്ത് കനത്ത സുരക്ഷ.

   **Prime Minister Narendra Modi will dedicate Kerala's pride project, Vizhinjam International Port, to the nation tomorrow. Tight security in Thiruvananthapuram.**

3. ഇന്ത്യയിൽ നിന്ന് ഭീകരവാദം തുടച്ചുനീക്കുയാണ് കേന്ദ്ര സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കൃത്യമായ മറുപടി നൽകുമെന്നും കേന്ദ്രമന്ത്രി.

   **Union Minister Amit Shah said that the central government's goal is to eradicate terrorism from India. The Union Minister also said that befitting reply will be given to those who worked behind the Pahalgam terror attack.**

4. പഹൽഗാം ആക്രമണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി സുപ്രീം കോടതി തള്ളി.

   **The Supreme Court has dismissed a public interest litigation seeking a judicial inquiry into the Pahalgam attack.**

5. **വോട്ടെടുപ്പ് സുഗമമാക്കാനും വോട്ടർ പട്ടികയുടെ കൃത്യത മെച്ചപ്പെടുത്താനും പുതിയ നടപടികളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ.**

   **The Election Commission has taken new steps to improve voting and ensure accuracy in the voter list.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്-മുംബൈ ഇന്ത്യൻസ് പോരാട്ടം.**

   **In IPL cricket, Rajasthan Royals and Mumbai Indians to face each other today**

✡✡✡✡✡✡✡✡✡✡✡✡

## PM -WAVES (INTRO)

ലോക ദൃശ്യ, ശ്രവ്യ വിനോദ ഉച്ചകോടി, വേവ്സ് 2025 സംസ്കാരത്തിൻറെയും, സർഗ്ഗാത്മകതയുടെയും ആഗോള പാരസ്പര്യത്തിന്റെയും തരംഗം സൃഷ്ടിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മുബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെൻററിൽ വേവ്സ് ഉച്ചകോടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 100-ലധികം രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാർ, നിക്ഷേപകർ, നയരൂപകർത്താക്കൾ തുടങ്ങിയവർ ഒരു വേദിയിൽ അണിനിരക്കുന്ന WAVES ആഗോള ശ്രദ്ധ ആകർഷിക്കുന്നതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. കലാകാരന്മാരുടെയും സ്രഷ്ടാക്കളുടെയും നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ആഗോള പ്ലാറ്റ്ഫോമാണ് WAVES എന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

ചലച്ചിത്ര നിർമാണം, ഡിജിറ്റൽ കണ്ടൻറ്, ഗെയിമിങ്ങ്, ഫാഷൻ, സംഗീതം തുടങ്ങിയ മേഖലകളിൽ ശ്രദ്ധാ കേന്ദ്രമായി രാജ്യം മാറിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം ചടങ്ങിൽ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡

## MURUGAN - LIVE EVENT

മുംബൈയിൽ നടക്കുന്ന WAVES ഉച്ചകോടിയിൽ Live Events Economy: A Strategic Growth Imperative എന്ന പേരിലുള്ള ഇന്ത്യയുടെ ധവളപത്രം കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ ശനിയാഴ്ച്ച പുറത്തിറക്കും. ലൈവ് എൻറർടൈൻമെൻറ് വ്യവസായത്തിൻറെ വളർച്ചാ പാതകൾ, തന്ത്രപര

മായ ശുപാർശകൾ എന്നിവയുടെ സമഗ്രമായ വിശകലനമാണ് ധവളപത്രത്തിലുള്ളത്. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ധവളപത്രം സമർപ്പിച്ചിരിക്കുന്നത്.

## VIZHINJAM PM

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കേരളത്തിൽ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി  നാളെ നാടിന് സമർപ്പിക്കും. രാവിലെ 11 ന് വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ, മന്ത്രിമാർ, ജനപ്രതിനിധികൾ  തുടങ്ങി നിരവധി പ്രമുഖർ പങ്കെടുക്കും. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ജൂലൈയിൽ ട്രയൽ റൺ ആരംഭിച്ച് 10 മാസങ്ങൾക്കിടെ 285 കപ്പലുകളാണ് വിഴിഞ്ഞത്തെത്തിയത്. രാജ്യത്തെ തന്നെ ഒന്നാമത്തെ തുറമുഖമായി മാറാനുള്ള കുതിപ്പിലാണ് വിഴിഞ്ഞം. അല്പസമയത്തിനകം, പ്രധാനമന്ത്രി  തിരുവനന്തപുരത്ത് എത്തും. രാജ് ഭവനിൽ തങ്ങിയ ശേഷമായിരിക്കും അദ്ദേഹം നാളെ വിഴിഞ്ഞത്ത് എത്തുക.

## VIZHINJAM - INSTRUCTIONS

പ്രധാനമന്ത്രി പങ്കെടുക്കുന്ന വിഴിഞ്ഞം തുറമുഖ കമ്മിഷനിംഗ് പരിപാടി യിൽ നാളെ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖകൾ നിർബന്ധമായും കൈവശം കരുതണമെന്ന് സർക്കാർ നിർദേശം. ക്ഷണമുള്ളവർ ഒൻപത് മണിക്ക് മുൻപ് തന്നെ അനുവദിക്കുന്ന സ്ഥലത്ത് ഹാജരാകണം. SPG ഉദ്യോഗസ്ഥരുടെ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും മാർഗനിർദേശത്തിൽ പറയുന്നു.

## VIZHINJAM SECURITY

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് തലസ്ഥാനത്ത് കനത്ത സുരക്ഷ. സിറ്റി പൊലീസ് കമ്മീഷണറുടെ

നേതൃത്വത്തിൽ പ്രത്യേക  സുരക്ഷാ ക്രമീകരണങ്ങളാണ് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്. 4,200 ഓളം പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. കടലിൽ കോസ്റ്റ് ഗാർഡിൻറെ നേതൃത്വത്തിൽ കപ്പലുകളിൽ സുരക്ഷയൊരുക്കും. കൂടാതെ വ്യോമസേനയുടെ പ്രത്യേക വിമാനങ്ങളും ഹെലികോപ്റ്ററുകളും സുരക്ഷയ്ക്കായി വിന്യസിക്കും. പൊതുജനങ്ങൾക്ക് ചടങ്ങ് വീക്ഷിക്കുന്നതിന് ഉദ്ഘാടന വേദിയ്ക്ക് ഇരു വശത്തുമായി പവലിയനുകളും സജ്ജമാക്കിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ സന്ദർശനത്തിൻറെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും ഗതാഗതാ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ന് രാത്രി 10 മണി വരെയും നാളെ രാവിലെ 6.30 മുതൽ ഉച്ചക്ക് 2 മണി വരെയുമാണ് ഗതാഗത നിയന്ത്രണം.

✡✡✡✡✡✡✡✡✡✡✡✡

## NEW VOTER TABLE

വോട്ടർ പട്ടികയുടെ കൃത്യത മെച്ചപ്പെടുത്താനും വോട്ടെടുപ്പ് കൂടുതൽ സുഗമമാക്കാനും പുതിയ നടപടികളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ബി.എൽ.ഓ.മാർക്ക് തിരിച്ചറിയൽ കാർഡ്, വോട്ടർ സൗഹൃദ സ്ലിപ്പുകൾ, മരണ രജിസ്ട്രേഷൻ ഡാറ്റ ഉപയോഗപ്പെടുത്തി വോട്ടർ പട്ടിക പുതുക്കൽ എന്നിവയാണ് പുതിയ നടപടികൾ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ മാരുടെ സമ്മേളനത്തിൽ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ ഗ്യാനേഷ് കുമാർ അവതരിപ്പിച്ച നിർദേശങ്ങൾക്കനുസൃതമായാണ് നടപടി.

✡✡✡✡✡✡✡✡✡✡✡✡

## GST COLLECTIONS- APRIL

ഏപ്രിൽ മാസത്തെ ചരക്ക് സേവന നികുതി വരുമാനം എക്കാലത്തെയും ഉയർന്ന നിരക്കായ 2.37 ലക്ഷം കോടി രൂപയായി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ 12.6 ശതമാനം വർദ്ധനയാണ് ഉണ്ടായത്. 2024 ഏപ്രിലിൽ ജിഎസ്ടി വരുമാനം 2.10 ലക്ഷം കോടി രൂപയായിരുന്നു.

✡✡✡✡✡✡✡✡✡✡✡✡

## SC- PAHALGAM PIL

പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടുള്ള പൊതുതാൽപ്പര്യ ഹർജി പരിഗണിക്കാൻ വിസമ്മതിച്ച് സുപ്രീം കോടതി. നിലവിലെ നിർണായക സാഹചര്യത്തിൽ ഇത്തരം നടപടികൾ സായുധ സേനയുടെ മനോവീര്യം തകർക്കുമെന്ന് കോടതി മുന്നറിയിപ്പ് നൽകി. ഇതിനെ തുടർന്ന് മൂന്ന് ജമ്മു കശ്മീർ നിവാസികൾ സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജി പിൻവലിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## AMITH SHAH (INTRO)

പഹൽഗാം ഭീകരാക്രമണത്തിൽ ഇരയാക്കപ്പെട്ടവരുടെയും അവരുടെ കുടുംബാഗംങ്ങളുടെയും ദുഃഖം രാജ്യത്തിൻറെ ദുഖമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഇന്ത്യയിൽ നിന്ന് ഭീകരവാദം തുടച്ചുനീക്കുക എന്നതാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ന്യൂ ഡൽഹിയിൽ ബോഡോ നേതാവ് ബോഡോഫ ഉപേന്ദ്രനാഥ് ബ്രഹ്മയുടെ പ്രതിമ അനാച്ഛാദനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു ശ്രീ അമിത് ഷാ. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച വർക്ക് കൃത്യമായ മറുപടി നൽകുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

✡✡✡✡✡✡✡✡✡✡✡✡

## PIB FACT CHECK

പാകിസ്ഥാനെതിരെ യുദ്ധം ചെയ്യാൻ വിസമ്മതിച്ചതിന് വ്യോമസേനാ ഉപ മേധാവി എയർ മാർഷൽ സുജീത് പുഷ്കർ ധർക്കറിനെ പുറത്താക്കിയ തായുള്ള സമൂഹമാധ്യമ പോസ്റ്റുകൾ വ്യാജമെന്ന് കേന്ദ്ര സർക്കാർ. പാകിസ്ഥാൻ അനുകൂല അക്കൗണ്ടുകൾ ഇത്തരം പോസ്റ്റുകൾ പ്രചരിപ്പിക്കുന്നതായി പി.ഐ.ബി ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## MANDAVIYA- KHEL RATNA AWARD

കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ബാഡ്മിൻറൺ ചാമ്പ്യൻമാരായ ചിരാഗ് ഷെട്ടി, സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി എന്നിവർക്ക് 2023 ലെ

മേജർ ധ്യാൻ ചന്ദ് ഖേൽ രത്ന പുരസ്ക്കാരം സമ്മാനിച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിലാണ് അവാർഡ് നൽകിയത്. താരങ്ങളുടെ സമർപ്പണത്തിനുള്ള അംഗീകാരമാണ് പുരസ്ക്കാരമെന്ന് ശ്രീ. മാണ്ഡവ്യ സമൂഹ മാധ്യമത്തിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## DAY IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ടോസ് നേടിയ രാജസ്ഥാൻ റോയൽസ് മുംബൈ ഇന്ത്യൻസിനെ ബാറ്റിംഗിനയച്ചു. ജയ്പ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം.

✡✡✡✡✡✡✡✡✡✡✡✡

## PIYUSH GOYAL - NORWAY

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയലിൻറെ നോർവേ സന്ദർശനം പൂർത്തിയായി. 25 വർഷത്തിനിടെ ഒരു ഇന്ത്യൻ വാണിജ്യ മന്ത്രി നടത്തുന്ന ആദ്യ സന്ദർശനമായിരുന്നു ഇത്. നോർവേയുടെ രാഷ്ട്രീയ, വ്യാപാര നേതൃത്വവുമായുള്ള ഇടപെടലുകൾ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ വിശ്വാസത്തിൻറെയും വളർച്ചയുടെയും ഒരു പുതിയ ഘട്ടത്തിന് വഴിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡

## NIA COURT - RANA

മുംബൈ ആക്രമണക്കേസിലെ പ്രതി തഹാവൂർ ഹുസൈൻ റാണയുടെ ശബ്ദ, കൈയക്ഷര സാമ്പിളുകൾ രേഖപ്പെടുത്താൻ ദേശീയ അന്വേഷണ ഏജൻസിക്ക് അനുമതി നൽകി ഡൽഹി കോടതി. കേന്ദ്ര അന്വേഷണ ഏജൻസി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പ്രത്യേക NIA ജഡ്ജി ചന്ദർ ജിത് സിങ്ങാണ് ഉത്തരവ് പുറപ്പെടുവിച്ചത്. 18 ദിവസത്തെ റിമാൻഡ് കാലാവധി അവസാനിച്ചതിനെ തുടർന്ന് തിങ്കളാഴ്ച റാണയുടെ കസ്റ്റഡി കാലാവധി 12 ദിവസത്തേക്ക് കോടതി നീട്ടിയിരുന്നു.

✡✡✡✡✡✡✡✡✡✡✡✡

## DAY JAISHANKAR-RUBIO

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രിയുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിനിടെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെക്കുറിച്ച് ചർച്ച ചെയ്തു. പഹൽഗാം ഭീകരാക്രമണ ത്തിൽ കൊറിയയുടെ പിന്തുണയ്ക്കും ഐക്യദാർഢ്യത്തിനും ശ്രീ. ജയ്ശങ്കർ നന്ദി പറഞ്ഞു. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയു മായും ജയ്ശങ്കർ ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തിയിരുന്നു.

✡✡✡✡✡✡✡✡✡✡✡✡

## BADRINATH DHAM

ചാർ ധാം യാത്രയുടെ ഭാഗമായി ഉത്തരാഖണ്ഡ് ഡിജിപി ദീപം സേത്ത്, ബദരീനാഥ് സന്ദർശിച്ചു. യാത്രാ പാതയിലെ സുരക്ഷ, ഗതാഗതം തുടങ്ങിയവ അവലോകനം ചെയ്യുന്നതിനായാണ് സന്ദർശനം. ഞായറാഴ്ച്ച മുതൽ ബദരീനാഥ് ധാം ഭക്തർക്കായി തുറക്കുന്ന സാഹചര്യത്തിലാണ് പരിശോധന.

✡✡✡✡✡✡✡✡✡✡✡✡

## PM-UJJWALA YOJANA

പ്രധാനമന്ത്രി ഉജ്ജ്വല യോജന ഇന്ന് ശ്രദ്ധേയമായ ഒമ്പത് വർഷങ്ങൾ പൂർത്തിയാക്കുന്നു. ആരോഗ്യവും, പാരിസ്ഥിതിക സുസ്ഥിരതയും വനിതാ ശാക്തീകരണവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016 മെയ് മാസത്തിൽ PMUY ആരംഭിച്ചത്. മാർച്ച് 1 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്ത് നിലവിൽ 10.33 കോടി PMUY കണക്ഷനുകളുണ്ട്.

✡✡✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡

✡✡✡✡